പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2780 14.12.2015 ലെ മറുപടിക്ക്

**വൈപ്പിൻ മണ്ഡലത്തിലെ ഞാറക്കൽ സീഷോർ കോളനിയിലെ പ്രവൃത്തികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എസ്.ശർമ്മ** | | **ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | സ്വയം പര്യാപ്ത പട്ടികജാതി കോളനി പദ്ധതിയിൽ വൈപ്പിൻ മണ്ഡലത്തിലെ ഞാറക്കൽ സീഷോർ കോളനിയിലെ പ്രവൃത്തികൾക്ക് കാലതാമസമുണ്ടായത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ; | (എ) | വൈപ്പിൻ നിയോജക മണ്ഡലത്തിലെ ഞാറയ്ക്കൽ - സീഷോർ കോളനിയെ 2013-14 വർഷം സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ തെരഞ്ഞെടുത്തിരുന്നു. പദ്ധതി നടപ്പിലാക്കുന്നതിന് ഏജൻസിയായി ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിനെയാണ് ഏൽപ്പിച്ചിരുന്നത്. എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുകയും കരാർ ഒപ്പിട്ട് ഒന്നാം ഗഡു തുക 25 ലക്ഷം രൂപ ബന്ധപ്പെട്ട ഏജൻസിക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ചില സാങ്കേതിക പ്രശ്നങ്ങളാൽ നാളിതു വരെ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. ഉടൻ ആരംഭിക്കുന്നതാണെന്ന് ഏജൻസി അറിയിച്ചിട്ടുണ്ട് |
| (ബി) | പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ ; | (ബി) | പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഏജൻസിക്കും ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | പദ്ധതി പുരോഗതി വിലയിരുത്തുന്നതിന് കഴിഞ്ഞ ഒരു വർഷക്കാലയളവിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | പദ്ധതി പുരോഗതി വിലയിരുത്തുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മോണിറ്ററിംഗ് കമ്മിറ്റി എല്ലാ മാസവും വിളിച്ചു ചേർക്കുകയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഏജൻസി പ്രതിനിധി കളുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും അവലോകന യോഗം ചേർന്ന് പുരോഗതി വിലയിരുത്തുന്നതിനും പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ.